**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** — **08-12-2022 - ൽ മറുപടിയ്ക്ക്**

**വേങ്ങരയിൽ അനുവദിച്ച ഐ.ടി.ഐ. പ്രവർത്തനം തുടങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങരയിൽ 2015-ൽ അനുവദിച്ച ഐ.ടി.ഐ. ഊരകം പഞ്ചായത്ത് നൽകാമെന്ന് ഏറ്റിട്ടുള്ള സ്ഥലത്തു പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | **(എ)** ഐ.ടി.ഐ. കൾ പ്രവർത്തനം ആരംഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് **ന്യൂഡൽഹി അനുശാസിക്കുന്ന പ്രകാരമുള്ള 1.07 ഏക്കർ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് സൗജന്യമായി നൽകുകയും ഇതിൽ ഐ.ടി.ഐ യ്ക്ക് സ്വന്തമായി കെട്ടിടം പണിതീർത്ത് ആയതിലേയ്ക്ക് ഐ.ടി.ഐ മാറുന്നതുവരെ ഐ.ടി.ഐ താൽക്കാലികമായി പ്രവർത്തനമാരംഭിയ്ക്കുന്നതിന് ട്രേഡുകളും ഓഫീസും പ്രവർത്തിക്കുന്നതിനുള്ള താൽക്കാലിക കെട്ടിടം, കറന്റ് കണക്ഷൻ, വാട്ടർ കണക്ഷൻ മുതലായവ പഞ്ചായത്തിന്റെ ചെലവിൽ നൽകേണ്ടതുമുണ്ട്. ഇതിലേക്കായുള്ള നടപടികൾ ഊരകം പഞ്ചായത്ത് പൂർത്തിയാക്കി, ശിപാർശ ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ